# എൻ.എസ്.എസ്. ബാലൻസ് ഷീറ്റ് പൊതുയോഗം - 2023

നായർ സർവീസ് സൊസൈറ്റിയുടെ 2022 ഏപ്രിൽ 1-ാം തീയതി മുതൽ 2023 മാർച്ച് 31-ാം തീയതി വരെയുള്ള വരവുചെലവു കണക്കും, ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റുമെന്റും, ബാക്കിപത്രവും പാസ്സാക്കുന്നതിനുള്ള ബാലൻസ് ഷീറ്റ് പൊതുയോഗം എൻ.എസ്.എസ്.പ്രസിഡന്റ് ഡോ. എം. ശശികുമാറിന്റെ അദ്ധ്യക്ഷതയിൽ 29.9.2023 വെള്ളിയാഴ്ച ഉച്ചയ്ക്ക് 12.00-ന് എൻ.എസ്.എസ്. ആസ്ഥാനത്തുള്ള പ്രതിനിധിസഭാമന്ദിരത്തിൽവച്ച് നടക്കുകയുണ്ടായി.

എൻ.എസ്.എസ്. പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരുടെ നേതൃത്വത്തിൽ മന്നംസമാധിയിൽ പുഷ്പാർച്ചന നടത്തിയശേഷമാണ് സമ്മേളനം ആരംഭിച്ചത്.

ഈശ്വരപ്രാർത്ഥന, ആചാര്യാനുസ്മരണം, അംഗങ്ങളുടെ ഹാജർ രേഖപ്പെടുത്തൽ, സത്യപ്രതിജ്ഞ എന്നിവയ്ക്കു ശേഷം അദ്ധ്യക്ഷന്റെ പ്രസ്താവനയും റിപ്പോർട്ടവതരണവും നടന്നു. വരവുചെലവു കണക്ക്, ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റുമെന്റ്, ബാക്കിപത്രം എന്നിവ സംബന്ധിച്ച് ചോദ്യങ്ങൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ലാതിരുന്നതിനാൽ കൂടുതൽ വിശദീകരണങ്ങൾ ആവശ്യമായി വന്നില്ല.

2023 മാർച്ച് 31-ാം തീയതിയിലെ ബുക്ക് വാല്യു അനുസരിച്ച് 183,43,82,472/- രൂപ സ്വത്തുവിവരം കാണിക്കുന്ന ബാക്കിപത്രവും 2022 ഏപ്രിൽ 1-ാം തീയതി മുതൽ 2023 മാർച്ച് 31-ാം തീയതി വരെയുള്ള ഒരു വർഷത്തേക്ക് മുന്നിരിപ്പ് ഉൾപ്പെടെ 130,52,47,706/- രൂപ മൊത്തം വരവും 112,35,79,906/- രൂപ മൊത്തം ചെലവും 18,16,67,800/- രൂപ നീക്കിയിരിപ്പും, 6,54,65,693/- രൂപ റവന്യൂ മിച്ചവും കാണിക്കുന്ന ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റുമെന്റും റിപ്പോർട്ടും യോഗം ഐകകണ്ഠ്യേന അംഗീകരിക്കുകയുണ്ടായി.

എൻ.എസ്.എസ്. ട്രഷറർ അഡ്വ. എൻ.വി. അയ്യപ്പൻപിള്ള അവതരിപ്പിച്ച ഓഡിറ്റേഴ്സ് റിപ്പോർട്ടും യോഗം അംഗീകരിച്ചു.

തുടർന്ന്, 2023-24 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റുചെയ്യുന്നതിന് എൻ.എസ്.പണിക്കർ & കമ്പനിയെ ഓഡിറ്റർ ആയി നിയമിച്ചുകൊണ്ടും അവരുടെ പ്രതിഫലം നിശ്ചയിച്ചുകൊണ്ടുമുള്ള പ്രമേയങ്ങൾ ജനറൽ സെക്രട്ടറി ജി. സുകുമാരൻനായർ അവതരിപ്പിച്ചത് യോഗം ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി.

തുടർന്ന് അവതരിപ്പിച്ച അനുശോചന പ്രമേയം, പ്രസിഡന്റിന്റെ ഉപസംഹാരപ്രസംഗം, ജനറൽ സെക്രട്ടറിയുടെ കൃതജ്ഞതാപ്രകാശനം എന്നിവയ്ക്കുശേഷം ദേശീയഗാനത്തോടു കൂടിയാണ്, ക്രമപ്രകാരവും ചിട്ടയോടെയും സുഗമമായി നടന്ന സമ്മേളനം സമാപിച്ചത്.